# 91120 120 MINUTES

1. പി.ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാ ചരിത്രം പ്രസിദ്ധീകരിച്ച വർഷമേത്?

   A) 1885 B) 1881
   C) 1889 D) 1981

2. 'മൂലകുടുംബത്തിൽ പുരുഷപ്രത്യയങ്ങൾ ചേർക്കുന്ന സമ്പ്രദായം സാമാന്യമായി നിരക്കുന്നതിനുമുമ്പ് മലയാളം അവിടെ നിന്ന് പിരിഞ്ഞുവെന്ന് വിചാരിക്കണം.'
   ആരുടെ വാദമാണിത്?

   A) ഉള്ളൂർ B) ഇളംകുളം കുഞ്ഞൻപിള്ള
   C) ഡോ.കെ.എം.ജോർജ്ജ് D) എ.ആർ.രാജരാജവർമ്മ

3. രാമചരിതം ഉത്തരകേരളത്തിലെ ഒരു മണിയാണി നായരുടെ രചനയാണെന്ന് സിദ്ധാന്തിച്ചത്

   A) ഡോ.എം.ലീലാവതി B) പി.വി.കൃഷ്ണൻ നായർ
   C) ഇളംകുളം കുഞ്ഞൻപിള്ള D) ഉള്ളൂർ

4. 'ഞാനിതൊന്നു ഇനിയിന്നതിനെൻ മാനതമെന്നും
   നാളതാർതന്നിൽ നിരന്തരമിരുന്തരുൾ തെളി–
   ന്തുന മറ്ററിവെനിക്കുവന്നുതിക്കും വണ്ണമേ–
   യൂഴിയേഴിലും നിറന്ത മറഞാനപൊരുളേ' - ഏതു കാവ്യത്തിലെ വരികൾ?

   A) കണ്ണശ്ശരാമായണം B) രാമചരിതം
   C) തിരുനിഴൽ മാല D) അനന്തപുരവർണ്ണനം

5. 'ചിന്താരത്ന'ത്തിന് ശാസ്ത്രീയമായ സംശോധിത സംസ്കരണം തയ്യാറാക്കിയ പണ്ഡിതൻ

   A) ഡോ.പി.കെ.നാരായണപിള്ള B) പാട്ടത്തിൽ പത്മനാഭമേനോൻ
   C) സാഹിത്യപഞ്ചാനനൻ D) ഡോ.വി.എസ് ശർമ്മ

6. കല്യാണി, രവിവർമ്മൻ തമ്പാൻ എന്നിവർ കമിതാക്കളായെത്തുന്ന മഹാകാവ്യം

   A) ചിത്രയോഗം B) കേരളോദയം
   C) വിജയോദയം D) ഉമാകേരളം

7. സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കു; ജഗത്തിങ്കൽ
   മൃഗ്യമായൊന്നേയുള്ളൂ; സ്വാതന്ത്ര്യം സാക്ഷാൽ മോക്ഷം – ആരുടെ വരികൾ

   A) കുമാരനാശാൻ B) വള്ളത്തോൾ
   C) ഉള്ളൂർ D) കുറ്റിപ്പുറത്തു കേശവൻ നായർ

8. ശരിയായ 'ഗണ'മേത്?

A) ദുരവസ്ഥ, ശുദ്ധരിൽശുദ്ധൻ, ചണ്ഡാലഭിക്ഷുകി, ഭക്തിദീപിക
B) ശുദ്ധരിൽശുദ്ധൻ, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, പിങ്ഗള
C) ചണ്ഡാലഭിക്ഷുകി, ഭക്തിദീപിക, ലീല, ശുദ്ധരിൽശുദ്ധൻ
D) ചണ്ഡാലഭിക്ഷുകി, കർണ്ണഭൂഷണം, ശുദ്ധരിൽശുദ്ധൻ, ഭക്തിദീപിക

9. ഘടനാപരമായി 'കാകളി'യോടേറ്റവും അടുത്തുനില്ക്കുന്ന ഭാഷാവൃത്തം

A) അന്നനട B) നതോന്നത C) മഞ്ജരി D) കേക

10. വാസ്തവോക്തി വിഭാഗത്തിൽ വരുന്ന അലങ്കാരം

A) ഉല്ലേഖം B) വിരോധാഭാസം C) അപഹ്നുതി D) പരിസംഖ്യ

11. സംയോജികയുടെ കാരകം

A) സ്വാമി B) സാക്ഷി C) കർമ്മം D) ഹേതു

12. 'കാവ്യം ഗ്രാഹ്യമലങ്കാരത്' ആരുടേതാണ് ഈ കാവ്യനിരീക്ഷണം

A) ആചാര്യദണ്ഡി B) ഉദ്ഭടാചാര്യർ
C) വാമനാചാര്യർ D) കുന്തകൻ

13. ഘടനാവാദവിമർശനത്തിന്റെ മുഖ്യവക്താവ്?

A) ഡറിഡ B) സൊസൂർ
C) ഗ്രീൻബ്ലാറ്റ് D) റ്റി.എസ്.എലിയട്ട്

14. 'ഞങ്ങളല്പന്മാർ കാലമഴയേറ്റൊരേകാക്കി
മങ്ങലായ് ഞങ്ങൾക്കുള്ള ജീവിതകുപ്പായങ്ങൾ' എൻ.വി.കൃഷ്ണവാര്യരുടെ ഏതു കവിതയിലെ വരികളാണിത്?

A) എലികൾ B) മദിരാശിയിലെ സായാഹ്നം
C) കൃഷ്ണവധം D) കൊച്ചുതൊമ്മൻ

15. 'രാമനെനിത്യംദശരഥനെന്നുള്ളി–
ലാമോദമോടുനിരൂപിച്ചുകൊള്ളണം
എന്നെ ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ' ആരാണ് ഈ ഉപദേശം നല്കുന്നത്?

A) ഗാന്ധാരി B) കുന്തി
C) സുമിത്ര D) കൗസല്യ

16. 'ചോനകക്കുതിരചോണാട്ടുവിറ്റാലു

നമുക്കാനയച്ചുടനിരണ്ടായിരം കിട്ടുമി–
ന്റാന വിറ്റാലുമെണ്ണായിരം കിട്ടലാം' ഈ പരാമർശം എതുകാവ്യത്തിലാണുള്ളത്?

A) ഉണ്ണിയാടീചരിതം
B) നൈഷധംചമ്പു
C) അനന്തപുരവർണ്ണനം
D) ഉണ്ണിയച്ചീചരിതം

17. ശാന്തവീചിയതിൽ വീചിപോലെ സം
ക്രാന്തഹസ്തമുടൽചേർന്നു തങ്ങളിൽ
കാന്തനാദമൊടുനാദമെന്നപോൽ
കാന്തിയോടപരകാന്തിപോലെയും – ഏതുകാവ്യത്തിലെ വരികളാണിത്?

A) നളിനി
B) കൊച്ചുസീത
C) പിങ്ഗള
D) പാഞ്ചാലി

18. 'ദിനാന്തം' ആരുടെ കവിതാസമാഹാരം?

A) വിഷ്ണുനാരായണൻ നമ്പൂതിരി
B) സുഗതകുമാരി
C) ഒ.എൻ.വി.കുറുപ്പ്
D) തിരുനല്ലൂർ കരുണാകരൻ

19. തകഴിയുടെ കഥാപാത്രമേത്?

A) വിശ്വം
B) ശ്രീധരൻ
C) കോരൻ
D) നിസ്സാർ അഹമ്മദ്

20. ഉപ്പുമാവിന്റെ മണവും
വള്ളിനിക്കറിന്റെ തുളയും
കല്ലുപെൻസിലിന്റെ രുചിയും
ഞങ്ങൾ ആസ്വദിച്ചിരുന്നു. ഏതു ഭാവുകത്വത്തിന്റെ പ്രതിനിധാനമാണ് ഈ വരികൾ?

A) റൊമാന്റിസം
B) ഫെമിനിസം
C) ദളിതവബോധം
D) സോഷ്യലിസ്റ്റ്റിയലിസം

21. "ഹറാമ്പറന്നോളേ! നിന്റെ മാനം ലക്ഷീര്
ഞാനിന്റെ ഉമ്മയാ! ആനമക്കാരിന്റെ പുന്നാരമോള്"

ഏതു നോവലിലെ ഭാഷണമാണിത്?

A) ബാല്യകാലസഖി
B) ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു
C) സുന്ദരികളുംസുന്ദരൻമാരും
D) ദൈവത്തിന്റെകണ്ണ്

22. മദനസമരസമ്മർദ്ദന്തരോൽഭ്രാന്തകാന്താ–
മണിതമധുരമാധുരൈകവംശപ്രസൂതൈ:

മതുമതമണമോലും പദ്യഗദ്യൈരനേകൈ–
ർമ്മദയതിപുനമിന്നും ഭൂരിഭൂചക്രവാളം

ഏതു കാവ്യത്തിലേതാണ് പുനത്തെക്കുറിച്ചുള്ള ഈ പരാമർശം?

A) ഉണ്ണിയാടീചരിതം  B) ഉണ്ണിയച്ചീചരിതം
C) ചന്ദ്രോത്സവം  D) രാമായണം ചമ്പു

23. ഭാഷാഗദ്യത്തിന്റെ പരിണാമത്തെക്കുറിച്ചു പറയുമ്പോൾ 'നീചരാജഭാഷ'യെക്കുറിച്ചു പരാമർശിക്കുന്ന പണ്ഡിതൻ

A) ശൂരനാട്ടു കുഞ്ഞൻപിള്ള  B) ഇളംകുളം കുഞ്ഞൻപിള്ള
C) എൽ.വി.രാമസ്വാമി അയ്യർ  D) സി.എൽ ആന്റണി

24. ശങ്കരാചാര്യരുടെ 'മനീഷാപഞ്ചക'ത്തെ ഉപജീവിച്ച് കെ.പി.കറുപ്പൻ രചിച്ച കവിത

A) ഭാഷാമനീഷാപഞ്ചകം  B) ജാതിക്കുമ്മി
C) മാറ്  D) ദുരവസ്ഥ

25. "ഭാഷാരാമായണത്തിന്റെ മാതൃകാപൂർണ്ണമായ സ്കെച്ചുചെയ്തെടുത്ത കണ്ണശ്ശനു ശേഷം കഥാസംക്ഷേപത്തിന് എഴുത്തച്ഛന്റെ ഭാവന വളരെയൊന്നും ക്ലേശം സഹിക്കേണ്ടി വന്നില്ല."
ഈ പ്രസ്താവമാരുടേത്?

A) പ്രൊഫ.എൻ.കൃഷ്ണപിള്ള  B) ഡോ.എം.ലീലാവതി
C) ഡോ.പുതുശ്ശേരി രാമചന്ദ്രൻ  D) ആറ്റൂർ കൃഷ്ണപിഷാരടി

26. 'എനിക്കിതേവേണ്ടൂ പറഞ്ഞുപോകരു–
തിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം' ആരുടെ വരികൾ?

A) വൈലോപ്പിള്ളി  B) ജി.ശങ്കരക്കുറുപ്പ്
C) വയലാർ രാമവർമ്മ  D) ഇടശ്ശേരി

27. സെക്സ് ടൂറിസം പ്രമേയമാകുന്ന നോവൽ

A) മനുഷ്യനൊരാമുഖം  B) ഫ്രാൻസിസ് ഇട്ടിക്കോര
C) ബുധസംക്രമം  D) രതിരഥ്യ

28. നാലു 'യഗണ'ങ്ങൾ വരുന്ന സമവൃത്തം

A) സുമംഗല  B) ഭുജംഗപ്രയാതം
C) പഞ്ചചാമരം  D) ദ്രുതവിളംബിതം

29. ‘ഹരിയ്ക്കുന്നു’ ഏതുസന്ധി?

A) ലോപസന്ധി　B) ദ്വിത്വസന്ധി

C) ആഗമസന്ധി　D) ആദേശസന്ധി

30. ‘കാന്തിയുംചെൽവവും മിക്കകാന്തളൂർച്ചാല കാണലാം
മൂന്റുകോയിലുമെൻ മുന്നിൽതോന്റുംതത്രമഠംങ്ങളും’ – ഏതു കാവ്യത്തിലെ വരികൾ?

A) ഉണ്ണിയാടീചരിതം　B) അനന്തപുരം വർണ്ണനം

C) രാജരത്നാവലീയം ചമ്പു　D) രാവണോദ്ഭവം

31. ‘മലയാണ്മനിഘണ്ടു’ രചിച്ചതാര്?

A) ഹെർമ്മൻ ഗുണ്ടർട്ട്　B) ബഞ്ചമിൻ ബെയ്‌ലി

C) ഫാദർ ഡ്രമണ്ട്　D) റിച്ചെഡ് കോളിൻസ്

32. സംസ്കൃതവും പ്രാകൃതവും എഴുതാൻ ദക്ഷിണേന്ത്യയിൽ ബ്രാഹ്മണർ ഉപയോഗിച്ചിരുന്ന ലിപി

A) വട്ടെഴുത്ത്　B) ഗ്രന്ഥം

C) കോലെഴുത്ത്　D) ബ്രാഹ്മി

33. ‘നീയാരു സന്താനമരത്തിൽ നിന്നു
ഞെട്ടറ്റുവീഴും മലർമൊട്ടുപോലെ
മന്ദാകിനി സൈകതഭൂവിൽ നിന്നു
പതിക്കുമന്ന ചെറുമുട്ട പോലെ
വിധാതൃയാനദ്വിജചഞ്ചുവിട്ട
സിതാംബുജസ്വാദുമൃണാളി പോലെ’ ഈ വർണ്ണന ആരുടേത്?

A) വള്ളത്തോൾ　B) പന്തളം കേരളവർമ്മ

C) കുമാരനാശാൻ　D) ഉള്ളൂർ

34. ‘പീറജീവിതവെറ്റിലയിന്മേൽ
നൂറുതേയ്ക്കുംനിൻപരിഹാസം’ ഏതു കവിയുടേതാണ് ഈ ബിംബ കല്പന?

A) വൈലോപ്പിള്ളി　B) ഇടശ്ശേരി

C) വെണ്ണിക്കുളം　D) ഒളപ്പമണ്ണ

35. ‘പരിണാമത്തിന്റെ ഭൂതങ്ങൾ’ ഏതു വിഭാഗത്തിൽപ്പെട്ട കൃതി?

A) ശാസ്ത്രസാഹിത്യം　B) ഉപന്യാസം

C) നോവൽ　D) യാത്രാവിവരണം

36. തുള്ളലിൽ ഉപയോഗിച്ചുപോരുന്ന സംസ്കൃതവൃത്തം ഏത്?

A) മാലിനി B) വസന്തതിലകം
C) വിയോഗിനി D) വക്രം

37. അമ്മായിയമ്മപ്പോര് പ്രമേയമാകുന്ന നാടകം

A) സമത്വവാദി B) ആ മനുഷ്യൻ നീ തന്നെ
C) ആണ്ടുബലി D) മറിയാമ്മ നാടകം

38. ചേരമാൻ പെരുമാളിന്റെ മതംമാറ്റക്കാര്യം പരാമർശിക്കപ്പെടുന്ന മാപ്പിളപ്പാട്ട്

A) മൊഹിയുദ്ദീൻമാല B) ബദർപടപ്പാട്ട്
C) മലപ്പുറംപാട്ട് D) ഹുസനുൽജമാൽ

39. 'ജോസഫ് നല്ലവന്റെ കുറ്റസമ്മതം' ആരെഴുതിയ കഥ?

A) സാറാതോമസ് B) ഒ.വി.വിജയൻ
C) സക്കറിയ D) മുകുന്ദൻ

40. 'ഗ്രാമർ ഓഫ് ദ മലബാർ ലാംഗ്വേജ്' രചിച്ചതാര്?

A) റിച്ചെഡ് കോളിൻസ് B) റോബർട്ട് ഡ്രമണ്ട്
C) ആഞ്ചലോസ് ഫ്രാൻസിസ് D) എൽ.വി.രാമസ്വാമി അയ്യർ

41. ശരിയായ 'ഗണ'മേത്?

A) ഒരു വിലാപം, കണ്ണുനീർത്തുള്ളി, ചിതാലേഖം, പ്രരോദനം
B) കണ്ണുനീർത്തുള്ളി, ചിതാലേഖം, ഗ്രാമീണകന്യക, പ്രരോദനം
C) ചിതാലേഖം, കണ്ണുനീർത്തുള്ളി, ആനമുത്ത്, പ്രരോദനം
D) പ്രരോദനം, കണ്ണുനീർത്തുള്ളി, ഓർക്കുകവല്ലപ്പോഴും, ഒരു വിലാപം

42. നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ
ക്രമക്കണക്കേ ശരണം ... ആരാണ് ഇങ്ങനെ പറഞ്ഞത്?

A) എ.ആർ.രാജരാജവർമ്മ B) കെ.സി.കേശവപിള്ള
C) വെണ്മണി അച്ഛൻ നമ്പൂതിരി D) കുഞ്ഞിക്കുട്ടൻ തമ്പുരാൻ

43. 'ആശ്ലേഷിക്കാൻ നീണ്ട കരങ്ങളിൽവീഴും ശൂന്യത
ശൂന്യത തൻ രോമക്കാലുകൾ
ശൂന്യത തൻ വിളർത്തശിലാമുഖം

വീശിയടിക്കും കാറ്റുകെടുത്തിയ കൺവെട്ടങ്ങൾ
ബയണറ്റൊന്നിൻ മുനയിൽ പിഞ്ചിപ്പോയ
വയറ്റിൽകുതറും പച്ചപ്രാണൻ
കുഞ്ഞിനെമുത്തും ചുണ്ടിൽവിഷത്തിൻ പൊള്ളും നാവുകൾ'

സച്ചിദാനന്ദന്റെ ഈ ബിംബകല്പന വ്യത്യസ്തമാകുന്നതെങ്ങനെ?

A) അവ്യക്തത B) ബീഭത്സത
C) ശൈഥില്യം D) സറിയലിസ്റ്റ് സ്വഭാവം

44. "അനവരതമായുള്ള ഉപേക്ഷാതപത്താൽ പ്രണയഞെട്ടു ശുഷ്ക്കമാക്കപ്പെട്ടിരുന്ന ചന്ദ്രക്കാറിണി (പുത്രീസമേതം) ജനപ്രവാതവാത്യയുടെ പ്രഥമ ക്ഷോഭത്തിൽത്തന്നെ ഭർതൃ തരുവിൽ നിന്നു വേർപ്പെട്ടു." ഏതു നോവലിലേതാണ് ഈ വർണ്ണന?

A) അക്ബർ B) ഭൂതരായർ
C) ധർമ്മരാജ D) കേരളസിംഹം

45. 'കാലവിഹംഗികരാപ്പകലാകിയ
ലോലച്ചിറകടിച്ചെത്രമുൻപോട്ടുപോയ്.' എന്താണ് അലങ്കാരം?

A) സ്വഭാവോക്തി B) രൂപകം
C) നിദർശന D) ദൃഷ്ടാന്തം

46. 'ഉത്തുംഗരാഗരുചി ചിത്താധിനാഥഗിരമിത്ഥം നിശമ്യനൃപകന്യ' എന്നാരംഭിക്കുന്ന ദണ്ഡകം' ഏതു ചമ്പുവിലേത്?

A) രാമായണം ചമ്പു B) നൈഷധം ചമ്പു
C) കൊടിയവിരഹം ചമ്പു D) സുജാതോദ്വാഹം ചമ്പു

47. ഇന്ത്യയ്ക്കു പുറത്ത് പ്രചാരത്തിലുള്ള ഒരു ദ്രാവിഡ ഭാഷ

A) തൊദ B) ഗോണ്ഡി
C) കൊലാമി D) ബ്രാഹൂയി

48. 'മിടുക്കിയായ സ്ത്രീ' – ഇതിലെ ഭേദകം ഏതുവിഭാഗത്തിൽപ്പെടുന്നു?

A) വിഭാവകം B) സാർവനാമികം
C) ശുദ്ധം D) സാംഖ്യകം

49. അബോധമനസ്സിന് ഭാഷയുടെ ഘടനയാണുള്ളതെന്ന് വാദിച്ച മനശ്ശാസ്ത്രജ്ഞൻ ആര്

A) ഫ്രോയ്ഡ് B) യുങ്ങ് C) ലക്കാൻ D) അഡ്ലർ

50. സ്വഭാവോക്തിയലങ്കാരത്തെ പൂർണ്ണമായും തിരസ്കരിച്ച കാവ്യ ചിന്തകൻ

A) അഭിനവഗുപ്തൻ B) കുന്തകൻ
C) രുയ്യകൻ D) ഭാമഹൻ

51. 'തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഉത്സവമാകുമ്പോൾ, അവിടെ പത്മതീർത്ഥക്കരെ, മണിമാളികത്താഴെ, പഞ്ചപാണ്ഡവന്മാരുടെ പ്രതിമകൾ കെട്ടിനിമർത്തുന്ന പതിവുണ്ട്. ....... ഇങ്ങനെയൊരു ഭീമൻകെട്ടാകുന്നു രാമൻപിള്ള അവർകളുടെ ധർമ്മരാജ'. ആരുടേതാണ് ഈ വിമർശനം?

A) സി.പി.അച്യുതമേനോൻ
B) എം.പി.പോൾ
C) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
D) പ്രൊഫ.എൻ.കൃഷ്ണപിള്ള

52. "പാരിന്റെ നന്മയ്ക്കത്രേ പാഴ്‌വൻപുകൂട്ടാനല്ലീ–
യാരണ്യപിതാക്കൾ തന്നാത്മീയസമ്പത്തുക്കൾ" ആരുടേതാണ് ഈ വരികൾ?

A) ദശരഥൻ B) വസിഷ്ഠമഹർഷി
C) ജമദഗ്നി D) ദുർവാസാവ്

53. ഇബ്രാഹിംഖാദിരി വിമോചകനായി പ്രത്യക്ഷപ്പെടുന്ന നോവൽ

A) ആടുജീവിതം B) ഉത്തരായനം
C) ഒരുപിടിവറ്റ് D) പരലോകം

54. 'പശ്ചിമോദയ'ത്തിന്റെ പത്രാധിപർ

A) ഡോ.ഹെർമ്മൻഗുണ്ടർട്ട് B) എഫ്.മുള്ളർ
C) കണ്ടത്തിൽ വർഗ്ഗീസ്മാപ്പിള D) നിധീരീക്കൽ മാണിക്കത്തനാർ

55. "വേലുത്തമ്പിപ്രതിമയ്ക്കു മുന്നിലെ കല്പടവിൽ
വലംകൈ ഉപധാനമാക്കി
അനന്തശയനത്തിൽക്കിടന്ന്
മുന്നിലൂടൊഴുകിനീങ്ങുന്ന
നഗരസൗന്ദര്യങ്ങളെനോക്കി
ഒന്നുറക്കെച്ചൂളംകുത്തണമെന്നുണ്ട്." ഈ ഫെമിനിസ്റ്റ് പ്രതികരണം ആരുടേത്?

A) വിജയലക്ഷ്മി B) വി.എം.ഗിരിജ
C) റോസ്മേരി D) അനിത തമ്പി

56. 'ഓർമ്മയുടെ ഞരമ്പ്' ഏതു വിഭാഗത്തിൽപ്പെട്ട കൃതി?

A) നാടകം B) ഉപന്യാസം
C) ചെറുകഥ D) നോവൽ

57. ബോധധാരസങ്കേതം ഉദാഹരിക്കുന്ന നോവൽ ഏത്?

A) ഒരു ദേശത്തിന്റെ കഥ
B) ദൈവത്തിന്റെ വികൃതികൾ
C) തോറ്റങ്ങൾ
D) അയല്ക്കാർ

58. 'സ്വരത്തിൻ മുൻപുലോപിക്കും
സംവൃതംവ്യർത്ഥമാകയാൽ ' – ഇതിനു തുല്യമായ ലീലാതിലക സൂത്രമേത്?

A) അദിതോ:കേവലയോർവ:
B) റുട്ട്യോർദ്വിതം ച
C) ലോപശ്ച
D) ഓർന്നിത്യം

59. രസവിചാരത്തിൽ സാധാരണീകരണത്തെക്കുറിച്ചു പരാമർശിച്ചതാര്?

A) ഭരതമുനി
B) ലൊല്ലടൻ
C) ശങ്കുകൻ
D) ഭട്ടനായകൻ

60. കവിതയുടെ വസ്തുനിഷ്ഠമായ 'ഗാഢപാരായണ' മാണ് യഥാർത്ഥ സാഹിത്യ വിമർശനം എന്നുവാദിച്ചത് ആര്?

A) ഏലിയൻഷോവാൾട്ടർ
B) ഉമ്പർട്ടോഇക്കോ
C) ജോൺക്രോറാൻസം
D) ഐ.എ.റിച്ചെഡ്സ്

61. 'ഭാവോത്ഭിന്നമാണ്രൂപം' എന്നുപറഞ്ഞപ്പോൾ മുണ്ടശ്ശേരി വിവക്ഷിച്ചത്

A) ഭാവത്തിൽനിന്നാണ് രൂപം ഉണ്ടാകുന്നത്
B) രൂപത്തിൽ നിന്നാണ് ഭാവം ഉണ്ടാകുന്നത്
C) ഭാവത്തിൽനിന്നു വ്യത്യസ്തമാണൂരൂപം
D) ഭാവത്തോട് കൂട്ടിച്ചേർക്കുന്നതാണു രൂപം

62. പ്രാസവാദത്തോട് സാഹിത്യപഞ്ചാനനന്റെ പ്രതികരണമെന്തായിരുന്നു?

A) പ്രതികരിച്ചില്ല
B) പ്രാസനിഷ്ഠയ്ക്കനുകൂലമായ നിലപാട്
C) പ്രാസനിഷ്ഠയ്ക്ക് പ്രതികൂലമായ നിലപാട്
D) ഉദാസീനത

63. ലക്ഷണയുക്തമായ ആദ്യത്തെ മലയാളപാഠാവലി നിർമ്മിച്ചത് ആര്?

A) ഡോ.ഹെർമ്മൻഗുണ്ടർട്ട്
B) കേരളവർമ്മ
C) എ.ആർ.രാജരാജവർമ്മ
D) റവ.ജോർജുമാത്തൻ

64. “കഥപറയുന്ന കലയുടെ സാദ്ധ്യതകളും അസാദ്ധ്യതകളും നോവലിലൂടെ നമുക്കു മനസ്സിലാക്കിത്തരുന്ന സി.വി. ഒരു കലാകാരൻ മാത്രമല്ല ആഖ്യാനകലകൂടി പഠിപ്പിക്കുന്ന ആചാര്യൻ കൂടിയാണ്” ആരുടേതാണ് ഈ നിരീക്ഷണം?

A) എൻ.കൃഷ്ണപിള്ള B) ഡോ.കെ.ഭാസ്കരൻ നായർ

C) ഡോ.കെ.അയ്യപ്പപ്പണിക്കർ D) ഡോ.സി.രാജേന്ദ്രൻ

65. ‘മറ്റ് ആട്ടക്കഥകൾ അടിപിടിസിനിമയ്ക്കുവേണ്ടി എഴുതിയ തിരക്കഥപ്പോലെയാണെങ്കിൽ നളചരിതം രസനിഷ്യന്ദിയായ നാടകം പോലെയാണെന്നു ചുരുക്കം’ ആരാണിങ്ങനെ വാദിച്ചത്?

A) പന്മന രാമചന്ദ്രൻനായർ B) ഡോ.എം.ലീലാവതി

C) അയ്മനം കൃഷ്ണക്കൈമൾ D) വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

66. ‘സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ’ ആരുടെ പുസ്തകം?

A) ഇളംകുളം കുഞ്ഞൻപിള്ള B) കെ.കെ.എൻ.കുറുപ്പ്

C) ഡോ.എം.ജി.എസ് നാരായണൻ D) കെ.ശിവശങ്കരൻ നായർ

67. ‘കൊച്ചുചക്കരച്ചി’ ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?

A) കവിത B) ഉപന്യാസം

C) നാടകം D) ബാലസാഹിത്യം

68. ഫെമിനിസ്റ്റ് ചെറുകഥ ഏത്?

A) പുംഗുരുപുഷ്പത്തിന്റെ തേൻ B) പെരുമഴയുടെ പിറ്റേന്ന്

C) പവിത്രമോതിരം D) ഒരു സ്ത്രീയും പറയാത്തത്

69. ഗ്രേസിയുടെ ചെറുകഥ

A) ശർക്കരകൊണ്ടൊരു തുലാഭാരം

B) അമ്മ എന്നോടുപറഞ്ഞ നുണകൾ

C) ഭിന്നസംഖ്യ

D) വിവാഹസമ്മാനം

70. മാപ്പിളരാമായണം ഏതുവിഭാഗത്തിൽപ്പെടുന്നു?

A) ഇതിഹാസം B) മഹാകാവ്യം

C) നാടൻ കഥാഗാനം D) ഖണ്ഡകാവ്യം

71. ശരിയായ ഗണമേത്?

A) ലണ്ടൻഡയറി,അമേരിക്കയിൽപോയ കഥ, തിയൂർ രേഖകൾ, ബിലാത്തി വിശേഷം
B) ലണ്ടൻഡയറി,അമേരിക്കയിൽപോയ കഥ,ഗുണ്ടർട്ടിന്റെ നാട്ടിൽ,ബിലാത്തിവിശേഷം
C) അമേരിക്കയിൽപോയ കഥ, ഭാരതപര്യടനം, ഗുണ്ടർട്ടിന്റെ നാട്ടിൽ, ലണ്ടൻഡയറി
D) അമേരിക്കയിൽപോയ കഥ, ആത്മായനങ്ങളുടെ ഖസാക്ക്, ഭാരതപര്യടനം, ഗുണ്ടർട്ടിന്റെ നാട്ടിൽ

72. മാമാങ്കം പരാമർശിക്കപ്പെടുന്ന മണിപ്രവാളകാവ്യം ഏത്?

A) ഉണ്ണുനീലി സന്ദേശം B) മയൂര സന്ദേശം
C) ഉണ്ണിയാടീ ചരിതം D) കോക സന്ദേശം

73. 'ഭാവപ്രകാശത്തിന് വാക്കുകളുടേയും വാക്യങ്ങളുടേയും ശക്തിതന്നെയാണ് എഴുത്തച്ഛന്റെ ഉപകരണം. അല്ലാതെ അലങ്കാര ശബളതയല്ല.' ആരുടെ നിരീക്ഷണമാണിത്?

A) സാഹിത്യപഞ്ചാനനൻ പി.കെ.നാരായണ പിള്ള
B) ഡോ.പി.കെ.നാരായണ പിള്ള
C) പി.കെ.പരമേശ്വരൻ നായർ
D) ഡോ.കെ.എൻ.എഴുത്തച്ഛൻ

74. കണ്ഠേനല്ല കറുപ്പുമുണ്ടൊരു കുറി
സ്സോമൻ ജടാന്തേസ്ഥലേ
പണ്ടേയുള്ളൊരു വെള്ളമുണ്ടുതലയിൽ
കണ്ടാലതും വിസ്മയം
ഉണ്ടേ നിൻകലൊരെട്ടുനല്ലകരമു–
ണ്ടെന്നല്ല, രുദ്രാവലീ
ശ്രീകണ്ഠേശ്വര, പിന്നെയും വെറുതേ നീ
തോൽമുണ്ടുടുത്തീടൊലാ–

ആരുടേതാണ് ഈ മുക്തകം?

A) കോട്ടയത്തു തമ്പുരാൻ B) ചേലപ്പറമ്പൻ
C) വെണ്മണിമഹൻ D) കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

75. സ്വദേശാഭിമാനി പത്രത്തിന്റെ ഉടമസ്ഥൻ

A) കെ.രാമകൃഷ്ണപിള്ള B) ചിറയിൻകീഴ് ഗോവിന്ദപ്പിള്ള
C) മംഗലത്തു കുഞ്ഞുണ്ണി D) വക്കം അബ്ദുൾഖാദർ മൗലവി

76. സാഹിത്യം ഒരു വിദ്യയാണെന്നുപറഞ്ഞപ്പോൾ കുട്ടികൃഷ്ണമാരാർ വിവക്ഷിച്ചത്

A) സാഹിത്യത്തിൽ കലയുടെ മാജിക് ഉണ്ട്
B) സാഹിത്യം ഒരാവിഷ്കാരതന്ത്രമാണ്
C) സാഹിത്യം ഒരു വിജ്ഞാനരൂപമാണ്
D) സാഹിത്യത്തിന്റെ സാഫല്യം രൂപരചനയിലാണ്

77. ഗ്രാന്റ്സ്കൂൾ അദ്ധ്യാപകന്റെ ജീവിതദുരിതം ചിത്രീകരിക്കുന്ന കഥ

A) മന്ത്രിക്കെട്ട് B) വീരശൂദ്രൻ
C) വീണ്ടും കടൽത്തീരത്ത് D) അത്ഭുതമനുഷ്യൻ

78. ദളിത് അവബോധത്തിന്റെ കഥ ഏത്?

A) ഭ്രാന്തൻപൂക്കൾ B) പടക്കുതിരകൾ
C) അച്ചന്റെ വെന്തീഞ്ഞ ഇഞ്ഞാ D) കുലത്തൊഴിൽ

79. ഇമചിമ്മിച്ചിമ്മി നോക്കിനിന്നുപോയ് ഞാൻ മൂവന്തിക്കാ–
ക്കമനീയ മഹാനടനടനലീല
വിതതമാം വ്യോമകേശം കെട്ടഴിഞ്ഞുപാറിടുന്നു,
ചിതറുന്നുണ്ടാ നക്ഷത്രരുദ്രാക്ഷമാല'

എന്താണു രസം?

A) ശൃംഗാരം B) വീരം
C) അത്ഭുതം D) കരുണം

80. 'ഉണ്ടെങ്കിൽ അതുശപ്പനായ മാധവനോട് ഞാൻ ഇനി എന്തിനു പറയണം' ഏതു നോവലിലെ ഭാഷണമാണിത്?

A) പാണ്ഡവപുരം B) ശാരദ
C) ഇന്ദുലേഖ D) കുഞ്ഞമ്മയും കൂട്ടുകാരും

81. പ്രതിഭയെ കാരയത്രിയെന്നും ഭാവയത്രിയെന്നും വിഭജിച്ചതാര്?

A) മമ്മടാചാര്യൻ B) മഹിമഭട്ടൻ
C) രാജശേഖരൻ D) ആനന്ദവർദ്ധനൻ

82. തിരുവനന്തപുരത്ത് സർക്കാർ അച്ചടിശാല സ്ഥാപിച്ച വർഷം

A) 1839 B) 1849
C) 1834 D) 1838

83. 'മൂഴിക്കുളംകച്ചം'എന്താണ്?

A) അമ്പലത്തിലെ തൊഴിലാളികളെ നിയന്ത്രിക്കുന്ന നിയമങ്ങൾ

B) ഭക്തന്മാരെ നിയന്ത്രിക്കുന്ന വ്യവസ്ഥ

C) ആചാരക്രമങ്ങളുടെ വിവരണം

D) ഊരാളർ അമ്പലംകട്ടുമുടിക്കാതിരിക്കാനുള്ള നിയമാവലി

84. 'പെഡ്രോപരാമോ' മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തതാര്?

A) സി.ജെ.തോമസ് B) പി.സദാശിവൻ

C) എൽ.എ.രവിവർമ്മ D) വിലാസിനി

85. 'റോസ്മേരി പറയാനിരുന്നത് ' ആരുടെ നാടകം?

A) ടാജ് B) ബാലചന്ദ്രൻ

C) സതീഷ് കെ.സതീഷ് D) ആർ.നരേന്ദ്രപ്രസാദ്

86. എങ്കിലും തവ വായനാറ്റ മിതസഹ്യമാ–
ണിന്നതിന്നൊരുവഴി വേർപിരിയുക മാത്രം
നമ്മുടെ പ്രേമോദാര മധുരസ്മരണയിൽ
നമ്മളായെന്നും വേറെയന്യോന്യം ജീവിച്ചിടാം – ആരുടെ കവിതയിലെ വരികളാണിത്?

A) സച്ചിദാനന്ദൻ B) ആറ്റൂർ രവിവർമ്മ

C) കടമ്മനിട്ട രാമകൃഷ്ണൻ D) നെല്ലിക്കൽ മുരളീധരൻ

87. 'ചിയ്യയ്യിക്കുട്ടി' ഏതു നോവലിലെ കഥാപാത്രമാണ്?

A) പുലയത്തറ B) പുലയപ്പാട്ട്

C) ചോരപ്പരിശം D) കൊച്ചരേത്തി

88. കാലം, പ്രകാരം, പുരുഷൻ തുടങ്ങിയ ഉപാധികളൊന്നുമില്ലാത്ത ക്രിയ

A) പിൻവിനയെച്ചം B) നടുവിനയെച്ചം

C) മുൻവിനയെച്ചം D) പാക്ഷികവിനയെച്ചം

89. കേരളത്തിലെ പ്രശസ്തമായ പ്രാചീനജൈനകേന്ദ്രം

A) കല്ലിൽ ഗുഹാക്ഷേത്രം B) ശ്രീമൂലവാസം

C) ഉദയംപേരൂർ D) പള്ളിക്കുന്ന്

90. നായർത്തറവാടുകളിൽ ആളോഹരി ഭാഗംവയ്ക്കലനുവദിക്കുന്ന നിയമം നിലവിൽവന്ന വർഷം

A) 1925 B) 1912
C) 1935 D) 1916

91. മാനാതീത പ്രഥിമകലരും ബോട്ടുതണ്ടുംപിടിച്ച–
ന്യൂനാടോപത്തൊടു വിപുലമാം കായൽതാണ്ടുന്ന കണ്ടാൽ
മൈനാകം തൻചിറകുകൾ വിരിച്ചാശുവരാശി മദ്ധ്യേ
സ്ഥാനാദൂർവ്വീമണവതിനൊരുമ്പെട്ടിടുന്നെന്നു തോന്നും

അലങ്കാരമേത്?

A) രൂപകം B) ഉത്പ്രേക്ഷ
C) സമാസോക്തി D) കാവ്യലിംഗം

92. ആലത്തൂർ മണിപ്രവാളത്തിന്റെ പ്രതിപാദ്യം

A) സ്ത്രീവർണ്ണന B) ജ്യോതിഷം
C) വൈദ്യം D) കാർഷികപ്രശ്നങ്ങൾ

93. ഫങ്ഷണലിസ്റ്റ് വിമർശനം എന്നതുകൊണ്ട് കേസരി ബാലകൃഷ്ണപിള്ള വിവക്ഷിച്ചത്

A) രൂപനിഷ്ഠസമീപനം
B) പ്രതിപാദ്യനിഷ്ഠസമീപനം
C) സാഹിത്യകൃതിയുടെ ലക്ഷ്യത്തെ മുൻനിർത്തിയുള്ള വിലയിരുത്തൽ
D) പ്രതീത്യാത്മകസമീപനം

94. 'രുചിരചികുര' സമാസം നിർണ്ണയിക്കുക

A) തൽപ്പുരുഷൻ B) അവ്യയീഭവൻ
C) ദ്വന്ദ്വസമാസം D) ബഹുവ്രീഹി

95. കണ്ണീരും മഴവില്ലും എന്ന കൃതിയിൽ എം.ലീലാവതി ചർച്ച ചെയ്യുന്നത്

A) ഭാവഗീതപ്രസ്ഥാനം B) ഖണ്ഡകാവ്യപ്രസ്ഥാനം
C) ചങ്ങമ്പുഴക്കവിത D) വിലാപകാവ്യപ്രസ്ഥാനം

96. ആത്മകഥാപരമായ നോവൽ ഏത്?

A) കയർ B) ഒരു സങ്കീർത്തനം പോലെ
C) താളം D) ഒരു ദേശത്തിന്റെ കഥ

97. നാടൻപാട്ടിന്റെ രീതിയിൽ ജി.ശങ്കരക്കുറുപ്പെഴുതിയ കാവ്യം ഏത്?

A) പെരുന്തച്ചൻ B) മാവിനെന്തിനിമാർഗ്ഗം
C) മൂന്നരുവിയും ഒരുപുഴയും D) പഞ്ചവർണ്ണക്കിളി

98. കെ.പി.അപ്പൻ തിരസ്കാരത്തിൽ തിരസ്കരിച്ചതെന്തിനെയായിരുന്നു?

A) സൗന്ദര്യാത്മക വിമർശനത്തെ B) പ്രതീത്യാത്മക വിമർശനത്തെ

C) മനശ്ശാസ്ത്ര വിമർശനത്തെ D) അക്കാദമിക് വിമർശനത്തെ

99. ''തെലുങ്കിനോടോ കർണ്ണാടകത്തോടോ തമിഴിനോടോ മലയാളത്തിന് ഛന്ദസിന്റെ കാര്യത്തിൽ പറയത്തക്ക അധമർണ്ണ്യമൊന്നുമില്ല.'' ആരുടെ പ്രസ്താവമാണിത്?

A) ഏ.ആർ.രാജരാജവർമ്മ B) അപ്പൻ തമ്പുരാൻ

C) കെ.കെ.വാദ്ധ്യാർ D) ഡോ.എസ്.കെ.നായർ

100. കേരളത്തിലെ അടിമവ്യാപരത്തെക്കുറിച്ച് പരാമർശമുള്ള ശാസനം ഏത്?

A) മാമ്പള്ളി ശാസനം B) തിരുവമ്പാടി ശാസനം

C) തരിസപ്പള്ളി ശാസനം D) തിരുവല്ല ശാസനം

101. 'പതിനെട്ട് അച്ചുകുത്തു പിള്ളമാർ – എറണാകുളത്തുനിന്നു കായൽകടന്ന് – തുരുത്തുകളിലെത്തി കുഞ്ഞുങ്ങളെ തിരഞ്ഞുപിടിച്ച് അച്ചുകുത്തിയദിവസം ഞാൻ ജനിച്ചു. 24 ഏപ്രിൽ 1951.' എന്ന് ആരംഭിക്കുന്ന നോവൽ ഏത്?

A) മധുരംഗായതി

B) സൂഫി പറഞ്ഞകഥ

C) ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ

D) ജനകഥ

102. 'ബൃഹതി' ആരുടെ ഗ്രന്ഥം?

A) പ്രഭാകരൻ B) കുമാരിലഭട്ടൻ

C) ശങ്കരാചാര്യർ D) കുലശേഖരപ്പെരുമാൾ

103. എന്താണ് കടവല്ലൂർ അന്യോന്യം?

A) കായികാഭ്യാസ പരീക്ഷ B) വേദാന്തപരമായ തർക്കം

C) ഋഗ്വേദ പരീക്ഷ D) മീമാംസ സദസ്സ്

104. 'ന്യൂനത്വേഅധമം' എന്തിന്റെ ന്യൂനത്വം?

A) വിഭക്ത്യന്തസംസ്കൃതം B) രസം

C) കേരളഭാഷ D) കേരളഭാഷയും രസവും

105. തിരുവിതാംകൂറിൽ ആദ്യമായി ഭൂനികുതി ഏർപ്പെടുത്തിയത് ഏതു രാജാവിന്റെ കാലത്തായിരുന്നു?

A) മാർത്താണ്ഡവർമ്മ B) സ്വാതിതിരുനാൾ

C) ആയില്ല്യംതിരുനാൾ D) ചിത്തിരതിരുനാൾ

106. 'ചിരിയും ചിന്തയും' ആരുടെ കൃതി?

A) സഞ്ജയൻ B) ഇ.വി.കൃഷ്ണപിള്ള

C) മൂർക്കോത്തു കുമാരൻ D) സി.അന്തപ്പായി

107. 'ക്രിസ്തുദേവചരിതം മഹാകാവ്യം' രചിച്ചതാര്?

A) പുത്തൻകാവിൽ മാത്തൻ തരകൻ

B) പി.സി.ദേവസ്യ

C) കെ.വി.സൈമൺ

D) ഇടയാറന്മുള കെ.എം.വർഗ്ഗീസ്

108. എം.ടി.വാസുദേവൻനായരുടെ 'ആൾക്കൂട്ടത്തിൽ തനിയെ' ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു?

A) ചെറുകഥ B) നോവൽ

C) നാടകം D) യാത്രാവിവരണം

109. 'സാഹിത്യനികഷം' ആരുടെ കൃതി?

A) എസ്.ഗുപ്തൻനായർ B) ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ

C) എം.ആർ.നായർ D) കെ.സുരേന്ദ്രൻ

110. 'ജീൻക്രിസ്റ്റോഫ് ' മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത്?

A) ഡോ.എസ്.കെ.വസന്തൻ B) എൻ.കെ.ദാമോദരൻ

C) നാലപ്പാട്ട് നാരായണമേനോൻ D) എം.എൻ.സത്യാർത്ഥി

111. കണ്ണീർപ്പാടത്തെക്കുറിച്ചുള്ള വിശദപഠനം ഏതുകൃതിയിൽ?

A) എന്താണു കവിത B) വാക്കും സമൂഹവും

C) കാവ്യവ്യുൽപ്പത്തി D) ഛത്രവും ചാമരവും

112. ഇബ്സനിസ്റ്റ് രചനാസങ്കേതമനുസരിച്ചെഴുതിയ നാടകം ഏത്?

A) വിശറിക്കു കാറ്റുവേണ്ട B) കറുത്തദൈവത്തെ തേടി

C) ഭഗ്നഭവനം D) അഗ്നി

113. ദസ്തയേസ്കിയുടെ കഥ രചിച്ചതാര്?

A) കെ.സുരേന്ദ്രൻ B) ആനി തയ്യിൽ

C) ഇ.എം.ജെ.വെണ്ണിയൂർ D) എൻ.വി.കൃഷ്ണവാര്യർ

114. നീലകേശി നായികയായി വരുന്ന കഥാഗാനം ഏത്?

A) ഇരവിക്കുട്ടിപ്പിള്ള പോര്     B) പയ്യന്നൂർപ്പാട്ട്
C) കന്നടിയൻ പോര്     D) ചെങ്ങന്നൂരാതി

115. സുന്ദരോഷസ്സിൽ നിറപറനീട്ടിയ
പൊന്നും കതിർക്കുലപോലെ
തെറ്റെന്നു തുമ്പമലരു ചിരിച്ചിളം
കാറ്റിൻകവിളിൽ നുള്ളുമ്പോൾ
അമ്പുറ്റതങ്കമലരി, വിളക്കുമായ്
മുമ്പിൽത്തിരക്കി നല്കുമ്പോൾ – ആരുടേതാണ് ഈ പ്രകൃതിവർണ്ണന?

A) പാലാ നാരായണൻ നായർ     B) ഇടശ്ശേരി
C) വൈലോപ്പിള്ളി     D) പി.കുഞ്ഞിരാമൻ നായർ

116. യൂണിവേഴ്സിറ്റി ജേണലിന്റെ മാതൃകയിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ വൈജ്ഞാനിക ആനുകാലികം

A) ജ്ഞാനനിക്ഷേപം     B) വിദ്യാവിലാസിനി
C) ഭാഷാപോഷിണി     D) വിദ്യാസംഗ്രഹം

117. കോകിനിൻമുഖംകണ്ടു ചന്ദ്രനെന്നുചിന്തിച്ചു
ഏകാന്തംവിരഹത്തെ ശങ്കിച്ചിതാ
ഏകലോചനംകൊണ്ടു കോപമോടുനിന്നെയും
ശോകമോടപരേണ നോക്കുന്നുപതിയേയും –

ഏത് ആട്ടക്കഥയിലെ ചരണമാണിത്?

A) നിവാതകവച കാലകേയവധം     B) ഉത്തരാസ്വയംവരം
C) ദക്ഷയാഗം     D) രാവണവിജയം

118. 'സീതോദന്തംസരളമേയല്ല. യുദ്ധവും രാജ്യതന്ത്രവും വംശസംഘർഷവും മൂല്യങ്ങളുടെ പതനാഭ്യുദയവും അതിൽ അന്തർഭവിച്ചിരിക്കുന്നു. സി.എൻ.ശ്രീകണ്ഠൻ നായരുടെ ഏതു കഥാപാത്രമാണ് ഇങ്ങനെ പറയുന്നത്?

A) മണ്ഡോദരി     B) സുപാർശ്വൻ
C) രാവണൻ     D) ഇന്ദ്രജിത്ത്

119. ഇന്നലെകാറിലിറങ്ങിപോൽ തക്ഷകൻ
സന്ധ്യയെകുത്തിമലർത്തിയ

ചോരക്കറയുമായ് – ഏതു കാവ്യത്തിലെ വരികൾ?

A) പാതാളത്തിന്റെ മുഴക്കം B) വജ്രകുണ്ഡലം

C) ഗോത്രയാനം D) ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം

120. "ഇക്കാവ്യത്തിൽ ദ്വിതീയാക്ഷരപ്രാസം ചെയ്യാത്തതിനു എനിക്കു സ്വഭാവേന അതിന്റെ നേരെയുള്ള ഉദാസീനബുദ്ധി മാത്രമല്ല തർജ്ജമകളിൽ ഇതൊട്ടും ആവശ്യകമല്ലെന്നുള്ള വിചാരവും കാരണമാകുന്നു." ഏതു കൃതിയെക്കുറിച്ചാണ് പരാമർശിക്കുന്നത്?

A) മലയാള ശാകുന്തളം B) കുമാരസംഭവം

C) മേഘദൂത് D) രഘുവംശം

*************